# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6686 | 01-11-2011-ൽ മറുപടിയ്ക്ക് |

## ചന്തിരൂർ പുത്തൻതോട് മാലിന്യ വിമുക്തമാക്കാൻ നടപടി

| ചോദ്യം : ശ്രീ.എ.എം.ആരിഫ് | ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) വ്യവസായ എസ്റ്റേറ്റിൽ നിന്നും മത്സ്യസംസ്കരണ ശാലകളിൽ നിന്നും ചന്തിരൂർ മാർക്കറ്റിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ അടിഞ്ഞ് അരൂർ മണ്ഡലത്തിലെ ചന്തിരൂർ പുത്തൻതോട് മാലിന്യകൂമ്പാരമായി ദുർഗന്ധം വമിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) 2007-ൽ മേജർ ഇറിഗേഷൻ വകുപ്പ് മുഖേന ചന്തിരൂർ പുത്തൻതോട് 50 ലക്ഷം രൂപ മുടക്കി വിമുക്തമാക്കിയെങ്കിലും വീണ്ടും മലീമസമായിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് മാലിന്യം നീക്കം ചെയ്ത് ആഴം കൂട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) മത്സ്യസംസ്കരണ പ്ലാന്റുകളിൽ നിന്നും വരുന്ന മാലിന്യങ്ങളാണ് ചന്തിരൂർ പുത്തൻതോട് മലിനമാക്കുന്നത്. മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുക എന്നുള്ളതാണ് ശാശ്വതമായ പരിഹാരമാർഗ്ഗം. മലിനീകരണ നിയന്ത്രണ ബോർഡ് ഏറ്റെടുക്കുന്ന നടപടികൾക്ക് അനുസൃതമായി പ്രസ്തുത തോടിന്റെ ആഴം കൂട്ടുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

12